"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണം — ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 2025 മെയ് മാസത്തിൽ ചേരുന്ന മേഖല അവലോകന യോഗങ്ങൾ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ.(സാധാ) നം.1567/2025/GAD തീയതി,തിരുവനന്തപുരം, 08-04-2025

---

പരാമർശം:- 1. സ.ഉ(കൈ)നം.42/2025/പൊഭവ തീയതി 20.03.2025

**<u>ഉത്തരവ്</u>**

ഭരണ നേട്ടങ്ങൾ പൊതുജനങ്ങൾക്ക് കൂടുതൽ അനുഭവവേദ്യമാക്കാനും വികസനപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താനും ജില്ലകളിൽ പുരോഗമിക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് തടസ്സങ്ങളുണ്ടെങ്കിൽ കണ്ടെത്തി പരിഹരിക്കുന്നതിനുമായി ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 08.05.2025, 15.05.2025, 26.05.2025, 29.05.2025 തീയതികളിൽ **മേഖലാ അവലോകന യോഗങ്ങൾ** നടത്തുവാൻ തീരുമാനിച്ചുകൊണ്ട് പരാമർശ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2. മേൽ പറഞ്ഞ ഉത്തരവിന്റെ തുടർച്ചയായി മേഖല അവലോകന യോഗങ്ങൾ നടത്തുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ (അനുബന്ധം) പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി, സ്പെഷ്യൽ സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ് മേധാവികൾക്കും /ജില്ലാ കളക്ടർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ,(ആഡിറ്റ്) ), കേരള , തിരുവനന്തപുരം.
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sabu T K
Date: 08-04-2025 22:31:12
സെക്ഷൻ ഓഫീസർ

പകർപ്പ് : 1. ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
3. ബഹു.മുഖ്യമന്ത്രിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിക്ക്

**അനുബന്ധം**

## മേഖല അവലോകന യോഗങ്ങൾ 2025

## മാർഗ്ഗ നിർദ്ദേശങ്ങൾ

ഭരണ നേട്ടങ്ങൾ പൊതുജനങ്ങൾക്ക് കൂടുതൽ അനുഭവവേദ്യമാക്കാനും വികസനപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താനും ജില്ലകളിൽ പുരോഗമിക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് തടസ്സങ്ങളുണ്ടെങ്കിൽ കണ്ടെത്തി പരിഹരിക്കുന്നതിനുമായി ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മേഖലാ അവലോകന യോഗങ്ങൾ 2025 മെയ് മാസത്തിൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ചുവടെ ചേർക്കുന്ന മൂന്ന് ഗണത്തിൽപ്പെടുന്ന വിഷയങ്ങളിലെ വികസന പദ്ധതികൾ മേഖല അവലോകന യോഗങ്ങളിൽ വിലയിരുത്തി ഭരണപരമോ സാങ്കേതികമോ ആയ തടസ്സങ്ങൾ ഉണ്ടെങ്കിൽ പരിഹരിക്കുക എന്നതാണ് പ്രധാനമായും ലക്ഷ്യമിടുന്നത്.

### a) 2023-ലെ മേഖല അവലോകന യോഗത്തിൽ പരിഗണിച്ചിരുന്നതും എന്നാൽ പൂർത്തിയാകാത്തതും.

2023 ൽ നടത്തിയ മേഖല അവലോകന യോഗത്തിൽ അതിദാരിദ്ര്യം, നവകേരള മിഷൻ, പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികൾ, മാലിന്യമുക്ത കേരളം, ജില്ലയുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാർ കണ്ടെത്തുന്ന പ്രധാന പ്രശ്നങ്ങൾ തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട് നടപ്പാക്കിയ പദ്ധതികൾ പരിഗണിച്ചിരുന്നു. അവയിൽ ഇനിയും പൂർണ്ണമായി പരിഹരിക്കപ്പെടാത്ത വിഷയങ്ങൾ പരിഗണിക്കുന്നതാണ്.

### b) എം.എൽ.എ- മാർ ഉന്നയിച്ച മണ്ഡലങ്ങളിലെ പ്രധാന വികസന പ്രവർത്തനങ്ങൾ

2024 ജൂൺ- ജൂലൈ മാസങ്ങളിൽ ബഹു. മുഖ്യമന്ത്രി സംസ്ഥാനത്തെ എം.എൽ.എ.-മാരുമായി സംവദിക്കുകയും, എം.എൽ.എ.-മാർ തങ്ങളുടെ മണ്ഡലത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ നടപടി സ്വീകരിക്കേണ്ടതും പ്രാധാന്യം നൽകേണ്ടതുമായ പദ്ധതികളുടെ പട്ടിക ബഹു. മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ട് വരികയും ചെയ്തിരുന്നു. ബഹു. മുഖ്യമന്ത്രി എം.എൽ.എ- മാരുമായി നടത്തിയ യോഗത്തിൽ എം.എൽ.എ- മാർ ഉന്നയിച്ച മണ്ഡലങ്ങളിലെ വികസന പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടവ പരിഗണിക്കുന്നതാണ്.

### c) ജില്ലയുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ നടപടി ആവശ്യമായിട്ടുള്ള പദ്ധതികൾ.

നവകേരള സദസ്സിന്റെ ഭാഗമായി നിയോജക മണ്ഡലത്തിൽ നടത്താനുദ്ദേശിക്കുന്ന പദ്ധതികൾക്കും, ഗ്രാമീണ റോഡിന്റെ പുനരുദ്ധാരണ പദ്ധതികൾക്കും മുൻഗണന നൽകി

ക്കൊണ്ട് ജില്ലയുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ നടപടി ആവശ്യമായിട്ടുള്ള പദ്ധതികൾ ജില്ലാ കളക്ടർമാർ കണ്ടെത്തുന്നത് (**പരമാവധി 15 എണ്ണം**).

2) മേൽ പറഞ്ഞ മൂന്ന് വിഷയങ്ങൾക്ക് പുറമേ അതി ദാരിദ്ര്യ നിർമാർജ്ജനം, നവകേരള മിഷൻ (ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിത കേരള മിഷൻ), മാലിന്യമുക്ത കേരളം എന്നിവയുമായി ബന്ധപ്പെട്ട ഓരോ ജില്ലയിലെയും പ്രവർത്തന പുരോഗതിയും മേഖല അവലോകന യോഗത്തിൽ വിലയിരുത്തുന്നതാണ്.

3) *rrm.kerala.gov.in* എന്ന പോർട്ടൽ മുഖേനയാണ് മേഖല അവലോകന യോഗത്തിൽ അവതരിപ്പിക്കുന്നതിനുള്ള പദ്ധതികൾ കൈകാര്യം ചെയ്യുന്നത്. ആയതിനായി എല്ലാ ജില്ലാ കളക്ടർമാർക്കും, വകുപ്പ് സെക്രട്ടറിമാർക്കും പ്രസ്തുത പോർട്ടലിൽ പ്രവേശിക്കുന്നതിനുള്ള login credentials അനുവദിക്കുന്നതാണ്. അവലോകന യോഗത്തിൽ അവതരിപ്പിക്കുന്നതിനുള്ള വിഷയങ്ങൾ/പദ്ധതികൾ തിരഞ്ഞെടുക്കുന്നത് മുതൽ യോഗ ദിവസം സ്വീകരിക്കേണ്ട നടപടികൾ വരെയുള്ള കാര്യങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ചുമതലകൾ ചുവടെ ചേർക്കുന്നു.

**<u>ജില്ലാ കളക്ടർ</u>**

4) മേഖലാ അവലോകന യോഗത്തിൽ പരിഗണിക്കുന്ന 3 ഇനങ്ങളിൽ ആദ്യ രണ്ടിനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളവ പോർട്ടൽ വഴി (ലഭ്യമായ തൽസ്ഥിതി ഉൾപ്പെടെ) ജില്ലാ കളക്ടർമാർക്ക് ലഭ്യമാക്കുന്നതാണ്. ജില്ലാ കളക്ടർമാർ ഈ വിഷയം/പദ്ധതിയുടെ പുരോഗതി പരിശോധിച്ച് അവയുടെ തൽസ്ഥിതിയും മറ്റ് വിശദാംശങ്ങളും (അനുബന്ധ രേഖകൾ സഹിതം) പോർട്ടലിൽ രേഖപ്പെടുത്തേണ്ടതും **10.04.2025** നുള്ളിൽ സർക്കാരിലേക്ക് സമർപ്പിക്കേണ്ടതുമാണ്.

5) ഖണ്ഡിക 1 ൽ c പിരിവിൽ പരാമർശിച്ചിട്ടുള്ള വിഷയം/പദ്ധതികളിൽ ഏറ്റവും പ്രാധാന്യമുള്ള പരമാവധി 15 പദ്ധതികൾ ജില്ലാ കളക്ടർമാർ കണ്ടെത്തി പോർട്ടലിൽ ഉൾപ്പെടുത്തി വിശദാംശങ്ങളും ബന്ധപ്പെട്ട രേഖകളും സഹിതം 10.04.2025 നുള്ളിൽ സർക്കാരിലേക്ക് സമർപ്പിക്കേണ്ടതാണ്.

**<u>പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ (PIE&M) വകുപ്പ് സെക്രട്ടറി</u>**

6) ജില്ലാ കളക്ടർമാർ പോർട്ടൽ വഴി സമർപ്പിക്കുന്ന, ഖണ്ഡിക 1 ൽ a,b,c പിരിവിൽ പരാമർശിച്ചിട്ടുള്ള വിഷയങ്ങൾ/പദ്ധതികൾ, ആദ്യ ഘട്ടത്തിൽ പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് സെക്രട്ടറിയുടെ പോർട്ടൽ ലോഗിനിലാണ് ലഭിക്കുന്നത്. PIE&M വകുപ്പ് സെക്രട്ടറി ടി വിഷയങ്ങൾ പരിശോധിച്ച് എത്രയും പെട്ടെന്ന് ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർക്ക് തുടർ നടപടിക്കായി കൈമാറി നൽകേണ്ടതാണ്.

7) ഇത്തരത്തിൽ കൈമാറുന്ന വിഷയങ്ങൾ അതത് വകുപ്പ് സെക്രട്ടറിമാർ പരിശോധിച്ച് റിപ്പോർട്ട് സഹിതം PIE&M വകുപ്പ് സെക്രട്ടറിക്ക് തിരിച്ചു നൽകുന്ന മുറയ്ക്ക് റിപ്പോർട്ട് പരിശോധിക്കുകയും യോഗത്തിൽ അവതരിപ്പിക്കുവാൻ കഴിയുന്ന തരത്തിൽ ആവശ്യമായ

വിവരങ്ങൾ ഉണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. മതിയായ റിപ്പോർട്ടല്ല സമർപ്പിച്ചതെങ്കിൽ കൂടുതൽ വിശദാംശങ്ങൾക്കായി ബന്ധപ്പെട്ട വകുപ്പിനോ, ജില്ലാ കളക്ടർക്കോ കൈമാറി നൽകി വിവരങ്ങൾ ശേഖരിക്കേണ്ടതാണ്.

8) വകുപ്പ് സെക്രട്ടറിയുടെ റിപ്പോർട്ട് സഹിതം ലഭ്യമാക്കുന്ന മേൽപറഞ്ഞ മൂന്ന് ഗണത്തിൽപ്പെടുന്ന വിഷയങ്ങൾ/പദ്ധതികളും വിശകലനം ചെയ്ത്, ആയതിൽ നിന്നും മേഖലാ അവലോകന യോഗങ്ങളിൽ ചർച്ച ചെയ്യുന്നതിന് അനുയോജ്യമായതും, ഉയർന്ന മുൻഗണന നൽകേണ്ടതുമായ വിഷയങ്ങൾ/പദ്ധതികൾ തിരഞ്ഞെടുക്കേണ്ടതും, ആയത് മേഖലാ അവലോകന യോഗങ്ങളിൽ അവതരിപ്പിക്കുന്നതിന് സജ്ജമാക്കുന്നതിനുമുള്ള നടപടി PIE&M വകുപ്പ് സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. ആയതിൽ പരിഹാരം കണ്ടെത്തിയതും തീരുമാനം കൈക്കൊള്ളേണ്ടതുമായവ പ്രത്യേകം ഉൾക്കൊള്ളിക്കേണ്ടതാണ്.

9) ഇതിനു പുറമെ സർക്കാർ മുൻഗണന നൽകുന്ന അതിദാരിദ്ര്യ നിർമാർജ്ജനം, നവകേരള മിഷൻ (ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, ഹരിതകേരളം മിഷൻ), മാലിന്യമുക്ത നവകേരളം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ച ജില്ലാടിസ്ഥാനത്തിലുള്ള പ്രസന്റേഷനും PIE&M വകുപ്പ് സെക്രട്ടറി ഒരുക്കേണ്ടതാണ്.

**<u>വകുപ്പ് സെക്രട്ടറി</u>**

10) PIE&M വകുപ്പ് സെക്രട്ടറി കൈമാറി നൽകുന്ന വിഷയങ്ങൾ/പദ്ധതികളിൽ ഭരണപരമോ സാങ്കേതികമോ ആയ തടസ്സങ്ങൾ ഉണ്ടെങ്കിൽ പരിശോധിച്ച് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ബന്ധപ്പെട്ട രേഖകൾ സഹിതം യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി 26.04.2025- നുള്ളിൽ PIE&M വകുപ്പ് സെക്രട്ടറിക്ക് കൈമാറേണ്ടതാണ്.

**<u>മേഖലാ അവലോകന യോഗ ദിവസം സ്വീകരിക്കേണ്ട നടപടികൾ</u>**

11) ഓരോ മേഖലയിലും നടക്കുന്ന അവലോകന യോഗങ്ങളിൽ ചീഫ് സെക്രട്ടറിയും, വകുപ്പ് സെക്രട്ടറിമാരും, മേഖലയിലെ ജില്ലാ കളക്ടർമാരും പങ്കെടുക്കുന്നതാണ്. യോഗത്തിന്റെ പരിഗണനക്കായി PIE&M സെക്രട്ടറി തിരഞ്ഞെടുത്തിട്ടുള്ള വിഷയങ്ങൾ/പദ്ധതികൾ ജില്ലാ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറി യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതാണ്. ആയതിൽ പരിഹാരം കണ്ടെത്തിയ വിഷയങ്ങൾ/പദ്ധതികൾ, തീരുമാനം കൈക്കൊള്ളേണ്ട വിഷയങ്ങൾ/പദ്ധതികൾ എന്നിവ പ്രത്യേകം ഉൾക്കൊള്ളിക്കേണ്ടതാണ്. തീരുമാനം കൈക്കൊള്ളാനുള്ള വിഷയങ്ങൾ/പദ്ധതികളിൽ യോഗം അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

12) ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ വകുപ്പുമായി ബന്ധപ്പെട്ട വിഷയം/പദ്ധതികളുടെ നടപടി പുരോഗതി വിശദീകരിച്ച് നൽകേണ്ടതുമാണ്.

**പൊതുവായ നിർദ്ദേശങ്ങൾ**

13) മുൻ വർഷങ്ങളിലേതു പോലെ മേഖല അവലോകന യോഗത്തിന്റെ നടപടിക്കുറിപ്പ് യോഗം ചേരുന്ന ജില്ലകളിലെ ജില്ലാകളക്ടർമാർ തയ്യാറാക്കി രണ്ട് ദിവസങ്ങൾക്കകം പൊതുഭരണ (ഏകോപനം) വകുപ്പിൽ സമർപ്പിക്കേണ്ടതും ആയത് പ്രസ്തുത വകുപ്പ് ക്രോഡീകരിച്ച് ചീഫ് സെക്രട്ടറി മുഖേന ബഹു.മുഖ്യമന്ത്രിയുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുമാണ്.

14) യോഗ തീരുമാന പ്രകാരം തുടർ നടപടി ആവശ്യമുള്ള വിഷയങ്ങൾ/പദ്ധതികളിലെ നടപടികൾ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതും ആയത് സംബന്ധിച്ച റിപ്പോർട്ട് ചീഫ് സെക്രട്ടറി മുഖേന ബഹു. മുഖ്യമന്ത്രിക്ക് സമർപ്പിക്കേണ്ടതുമാണ്.

15) മേഖല അവലോകന യോഗം നടത്തുന്നതിനുള്ള സ്ഥലം, ഹാൾ, അനുബന്ധ സൗകര്യങ്ങൾ എന്നിവയുടെ കാര്യത്തിൽ മേഖല അവലോകന യോഗം നടക്കുന്ന ജില്ലയിലെ ജില്ലാ കളക്ടർ, ചുമതലയുള്ള മന്ത്രിമാരുമായി കൂടിയാലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.